LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പിൽ ERP സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള കരാർ

184 (2739) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ ERP സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് കരാർ കൊടുത്തത് ഏത് കമ്പനിക്കാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് വാട്ടർ അതോറിറ്റി വർഷംതോറും എത്ര രൂപ ലൈസൻസ് ഫീകയായി നൽകാൻ ധാരണയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സ്വതന്ത്ര സോഫ്റ്റ്വെയർ മുഖേന ഈ പദ്ധതി നടപ്പിലാക്കാൻ കമ്പനികൾ ഉണ്ടായിട്ടും എന്തടിസ്ഥാനത്തിലാണ് ഇത്രയും കൂടിയതുകയ്ക്ക് ഭാവിയിൽ വൻ ബാധ്യതകൾ വരുന്ന ഈ കരാറിൽ ഏർപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരള ജല അതോറിറ്റിയിൽ ഇ.ആർ.പി. സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് കരാർ കൊടുത്തത് Bahwan CyberTek Pvt. Limited എന്ന കമ്പനിയാണ്.

(ബി) Bahwan CyberTek Pvt Limited എന്ന കമ്പനിക്ക് ഇ.ആർ.പി. പ്രവർത്തികൾ അവാർഡ് ചെയ്തിരിക്കുന്നത് ലൈസൻസ് ഫീകയും കൂടി ചേർത്തിട്ടാണ്. 19.5 കോടി രൂപയ്ക്കാണ് ഇ.ആർ.പി. അവാർഡ് ചെയ്തിരിക്കുന്നത്.

(സി) സ്വതന്ത്ര സോഫ്റ്റ്വെയർ കമ്പനിക്കാർക്കും പ്രൊപ്പ്രേറ്ററി സോഫ്റ്റ് വെയർ കമ്പനിക്കാർക്കും പങ്കെടുക്കാവുന്ന തരത്തിൽ ലോക്കൽ കോമ്പിറ്റേറ്റീവ് ബിഡ്ഡിംഗ് വഴിയാണ് ഇ.ആർ.പി. സോഫ്റ്റ്വെയർ ചെയ്യുന്നതിനുവേണ്ടി ടെണ്ടർ നടത്തിയത്. പങ്കെടുത്ത 7 കമ്പനികളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ കമ്പനിയും ഉൾപ്പെട്ടിരുന്നു. എന്നാൽ യോഗ്യത നേടിയവരിൽ സ്വതന്ത്ര സോഫ്റ്റ്വെയർ കമ്പനികൾ ഉണ്ടായിരുന്നില്ല. യോഗ്യത നേടിയ കമ്പനികളിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തത് M/s Bahwan CyberTek Pvt. Limited എന്ന കമ്പനിയാണ്.

(ഡി) M/s Bahwan CyberTek Pvt. Limited എന്ന ചെന്നൈയിലുള്ള കമ്പനിക്കാണ് ഇ.ആർ.പി. (എന്റർ പ്രൈസ് റിസോഴ്സ് പ്ലാനിംഗ്) പദ്ധതി കരാർ നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ അടങ്കൽ തുക 19.5 കോടി രൂപയാണ്. കരാർ പ്രകാരം ഈ പ്രവൃത്തികൾ 2015 മേയ് മാസത്തോടുകൂടി തീർക്കേണ്ടതാണ്.

പൊന്നാനി മാറഞ്ചേരിയിൽ VCB തകരാർ

185 (2740) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പുളിക്കക്കടവിലുള്ള മാത്തിൽ തോടിന് കുറുകെയുള്ള VCB തകർന്നതുമൂലം നൂറുകണക്കിന് ഹെക്ടർ നെൽകൃഷി സ്ഥലത്തേക്ക് ഉപ്പുവെള്ളം കയറുന്നതിനാൽ കർഷകരും, കുടിവെള്ളം ലഭിക്കാതെ നൂറുകണക്കിന് കുടുംബങ്ങളും പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ VCB പണിയായുള്ള മൈനർ ഇറിഗേഷന്റെ പ്രോപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അടുത്ത RIDF ഫണ്ടിലോ അല്ലെങ്കിൽ മറ്റ് ഫണ്ടുകളോ വകയിരുത്തി പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയാറാക്കി വരികയാണ്.

പാലക്കാട് ജില്ല കാഡ പദ്ധതി

186 (2741) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ കാഡ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഏതെല്ലാം പ്രവൃത്തികൾക്കായാണ് അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly